"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - എറണാകുളം ജില്ലയിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ശേഷിക്കുന്ന പ്രവൃത്തി റീ അറേഞ്ച് ചെയ്യുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1019/2025/PWD തീയതി,തിരുവനന്തപുരം, 07-07-2025

---

പരാമർശം:- 1. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 15.03.2025 തീയതിയിലെ CEPWD/6514/2022-DB1(NAB)-RD നമ്പർ കത്ത്.

2. അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ നിന്നുള്ള 24.03.2025 തീയതിയിലെ X2 - COC 384/2025/2025044922 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി, ഭൂമി ഏറ്റെടുക്കുന്നതുമായും ജി.എസ്.റ്റി റീഇംബേഴ്സ് ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കാരണം നിലവിലെ കരാറുകാരായ M / s K.T.Mathew & Co നിർത്തിവെച്ചിരിക്കുകയാണെന്നും, 2023 മെയ് മാസത്തിനുശേഷം മേജർ പ്രവൃത്തികളൊന്നും കരാറെടുത്ത കമ്പനി നിർവഹിച്ചിട്ടില്ലെന്നും അതിനാൽ തന്നെ പ്രവൃത്തി നിലച്ച അവസ്ഥയിലാണെന്നും, മറ്റു തടസ്സങ്ങളൊന്നും ഇല്ലാതിരുന്നിട്ടും ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തിയിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയിലെ ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തി മാത്രം കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ റദ്ദാക്കുന്നതിനും, ബ്രിഡ്ജ് പ്രോപ്പറിന്റെ ശേഷിക്കുന്ന പ്രവൃത്തി റീ അറേഞ്ച് ചെയ്യുന്നതിനും ഭൂമി ഏറ്റെടുത്തതിനുശേഷം അപ്പ്രോച്ച് റോഡിന്റെയും, റീറ്റെയിനിംഗ് വാളിന്റെയും പ്രവൃത്തി റീ അറേഞ്ച് ചെയ്യുന്നതിനുമുള്ള അനുമതി ലഭ്യമാക്കണമെന്ന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2) ചീഫ് എഞ്ചിനീയറുടെ അപേക്ഷയുടെയും , പരാമർശം (2) പ്രകാരമുള്ള ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശത്തിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

എറണാകുളം ജില്ലയിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണ പ്രവ്യ്യത്തിയിലെ ബ്രിഡ്ജ് പ്രോപ്പർ പ്രവ്യ്യത്തി മാത്രം കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ റദ്ദാക്കുന്നതിനും , ബ്രിഡ്ജ് പ്രോപ്പറിന്റെ ശേഷിക്കുന്ന പ്രവൃത്തി റീ അറേഞ്ച് ചെയ്യുന്നതിനും ഭൂമി ഏറ്റെടുത്തതിനുശേഷം അപ്പ്രോച്ച് റോഡിന്റെയും,റീറ്റെയിനിംഗ് വാളിന്റെയും പ്രവ്യ്യത്തി റീ അറേഞ്ച് ചെയ്യുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി ഇ എസ്
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ,പാലങ്ങൾ വിഭാഗം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്&എ&ഇ), കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ),ഐ&പി ആർഡി

കരുതൽ ഫയൽ/ഡി1/620/2025/പൊമവ

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 07-07-2025 16:59:25
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു,പൊതുമരാമത്ത് മന്ത്രിയുടെ പി എസ്.ന്

പൊതുമരാമത്ത് സെക്രട്ടറിയുടെ സി എയ്ക്ക്